**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 280** **07-10-2024 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ നടപ്പിലാക്കിവരുന്ന സുഭിക്ഷ ഹോട്ടലുകളുടെ നടത്തിപ്പുകാർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുഭിക്ഷ പദ്ധതിയുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനായി 13.10.2020 ലെ സ.ഉ.(സാധാ) 310/2020/ ഭപൊവിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, ഹോട്ടൽ ആരംഭിക്കുന്നതിനായി പ്രാരംഭ ചെലവിനത്തിലും ഹോട്ടലിന്റെ തുടർ നടത്തിപ്പിനുമായി ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക (ആവശ്യമെങ്കിൽ), സബ്സിഡി തുക, മാലിന്യനിർമ്മാർജ്ജനം (ആവശ്യമെങ്കിൽ) എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിലും തുക അനുവദിച്ചു വരുന്നു. സുഭിക്ഷ ഹോട്ടലുകളുടെ എണ്ണം ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന് ക്രമപ്പെടുത്തി കിലോഗ്രാമിന് 10.90 രൂപാ നിരക്കിൽ പ്രതിമാസം 600 കിലോഗ്രാം അരിയും അനുവദിക്കുന്നുണ്ട്. |
| (ബി) | സുഭിക്ഷ ഹോട്ടലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സുഭിക്ഷ പദ്ധതിയുടെ കാര്യക്ഷമവും സുഗമവുമായ നടത്തിപ്പിനായി 13.10.2020 ലെ സ.ഉ.(സാധാ) 310/2020/ ഭപൊവിവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, ഹോട്ടൽ ആരംഭിക്കുന്നതിനായി പ്രാരംഭ ചെലവിനത്തിലും ഹോട്ടലിന്റെ തുടർ നടത്തിപ്പിനുമായി ഇലക്ട്രിസിറ്റി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക (ആവശ്യമെങ്കിൽ), സബ്സിഡി തുക, മാലിന്യനിർമ്മാർജ്ജനം (ആവശ്യമെങ്കിൽ) എന്നിവയ്ക്കായി ആവർത്തന ചെലവിനത്തിലും തുക അനുവദിച്ചു വരുന്നു. സുഭിക്ഷ ഹോട്ടലുകളുടെ എണ്ണം ഒരു നിയമസഭാ മണ്ഡലത്തിൽ ഒന്ന് എന്ന് ക്രമപ്പെടുത്തി കിലോഗ്രാമിന് 10.90 രൂപാ നിരക്കിൽ പ്രതിമാസം 600 കിലോഗ്രാം അരിയും അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സുഭിക്ഷ ഹോട്ടലുകളുടെ നടത്തിപ്പുകാർക്ക് നൽകാനുള്ള കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സുഭിക്ഷ ഹോട്ടലുകളുമായി ബന്ധപ്പെട്ട് ചെലവായ തുകയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക്, കുടിശ്ശിക വരുത്താതെ തന്നെ തുക അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ